## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4692 — 26.10.2016-ലെ മറുപടി

### കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, അനിൽ അക്കര<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എം .വിൻസെന്റ് : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്തെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>ബി ഇതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്; വിവരിക്കുമോ;<br><br>സി എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ ലക്ഷ്യത്തിനുവേണ്ടി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | എ & ബി & സി കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും തുടർച്ചയായി ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവർത്തികളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്. ഇത്തരം പ്രവർത്തികൾക്കായി KIIFB -ൽ ഉൾപ്പെടുത്തി 526 കോടി രൂപയും സ്റ്റേറ്റ് പ്ലാനിൽ 50 കോടി രൂപയും പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഷൊർണ്ണൂർ തിരുവല്ല, ചങ്ങനാശ്ശേരി, കൊല്ലം, കാസർ ഗോഡ്, പൊന്നാനി, കൊയിലാണ്ടി, തൊടുപുഴ, കോട്ടയം, തൃശ്ശൂർ, മട്ടന്നൂർ തുടങ്ങിയ 10 മുൻസിപ്പാലിറ്റികൾക്കും, സമീപ പഞ്ചായത്തുകൾക്കും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 735 കോടി രൂപ ബഡ്ജറ്റ് 2016-17 ൽ നീക്കി വച്ചിട്ടുണ്ട്. ഇതിനു പുറമെ കൊച്ചി സ്മാർട്ട് സിറ്റി 24X7 പദ്ധതിക്കായി 500 കോടി രൂപയും പുതുക്കിയ ബഡ്ജറ്റ് 2016-17-ൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങി കിടക്കുന്ന കൊഴിഞ്ഞാംപാറ, ധർമ്മടം, കോട്ടയം, ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മാനന്തവാടി സമീപ പഞ്ചായത്തുകളും, തിരുമാലി, നെൻമാറ, കടമക്കുടി, വരാപ്പുഴ, പെരുനാട് തുടങ്ങിയ 9 പദ്ധതികൾക്കായി ബഡ്ജറ്റ് 2016-17-ൽ പ്രത്യേക നിക്ഷേപ |

പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

കുടിവെള്ള മേഖലയിൽ പുതിയ പദ്ധതികൾക്കായി ബജറ്റ് 2016-17 ലെ മറുപടി പ്രസംഗത്തിൽ 90 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും ഉൾപ്പെടുത്തുകയും അവ സർക്കാർ പരിഗണനയിലുമാണ്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് (എ.എം.ആർ.യു.റ്റി) പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുൻസിപ്പാലിറ്റികളെയും ഉൾപ്പെടുത്തി 2015-16 ൽ ജലവിതരണത്തിൽ 235.76 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുന്നു. ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ജലനിധിപദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങൾക്ക് വിതരണശൃംഖല സ്ഥാപിച്ചാണ് അവരുടെ വീട്ടുകളിൽ കുടിവെള്ളം എത്തിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടേയും ഗ്രാമ പഞ്ചായത്തുകളുടേയും പഞ്ചായത്ത്തല കുടിവെള്ള പദ്ധതികൾ ജലനിധി ഏറ്റെടുക്കുമ്പോൾ, വിതരണശൃംഖല പുനരുദ്ധരിച്ച് കാര്യക്ഷമമായി ഗുണഭോക്തൃ കുടുംബങ്ങൾക്ക് വീട്ടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയാണ് പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറുന്നത്.

കൂടാതെ സംസ്ഥാനത്ത് കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനായി എൻ.ആർ.ഡി.ഡബ്ല്യു.പി, നബാർഡ്, സാർക്ക്, പ്ലാൻ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

Renuka Sankar

സെക്ഷൻ ഓഫീസർ